<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6427 11.07.2012 ലെ മറുപടിയ്ക്ക്

<u>സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കാരുണ്യ ഭാഗ്യക്കുറി</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും ഇതേവരെ ലഭിച്ച ലാഭം എത്രയാണെന്നും അതിൽ കാരുണ്യ ബെനവലന്റ് പദ്ധതിയിലേയ്ക്ക് എത്ര രൂപ കൈമാറ്റം ചെയ്തിട്ടുണ്ടെന്നും പറയാമോ; | (എ) | ഇതുവരെ നടന്ന 41 നറുക്കെടുപ്പു കളിൽ നിന്നും കാരുണ്യ ഭാഗ്യക്കുറിയിൽ ഏകദേശം 57 കോടിയോളം രൂപ ലാഭമുണ്ടായിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് 15 കോടി രൂപ കൈമാറ്റം ചെയ്തിട്ടുണ്ട്. |
| (ബി) ഇപ്രകാരം ഖജനാവിലെ തുക കൈകാര്യം ചെയ്യുന്ന പദ്ധതി നടത്തിപ്പിനായി സർവ്വീസിലില്ലാത്ത ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) & (സി) | കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അൻപതിനായിരം രൂപവരേയുള്ള തുക കൈകാര്യം ചെയ്യുന്നതിന് ഭാഗ്യക്കുറി വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറുടെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെയും അതിനു മുകളിലുള്ള തുക കൈകാര്യം ചെയ്യുന്നതിന് ഭാഗ്യക്കുറി ഡയറക്ടറെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇവരെ സഹായിക്കുന്നതിന് തസ്തിക നിലവിലില്ലാത്തതിനാൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ ഗ്രാമ വികസന വകുപ്പിൽ നിന്നും പെൻഷൻപ്പറ്റിപ്പിരിഞ്ഞ ഒരു ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മിഷണറെയും, അസ്സി: മാനേജർ ( അക്കൗണ്ട്സ്) ആയി സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസറായി പെൻഷൻപ്പറ്റിപ്പിരിഞ്ഞ ഒരു വ്യക്തിയേയും, മൂന്ന് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരേയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (സി) ഇപ്രകാരം പുറത്തുനിന്നും നിയമനം നടത്തിയതിനു കാരണം വ്യക്തമാക്കുമോ ? | | |

Satya

സെക്ഷൻ ഓഫീസർ